# ഗീതാഞ്ജലി 2019

## (ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ)




## ശാന്തിനികേതനം

## മോഡൽ ഹയർ സെക്കൻഡറി സ്കൂൾ

**പതാരം,ശൂരനാട്, കൊല്ലം**

# ആമുഖം

*വിവര സാങ്കേതികവിദ്യയുടെ ആധുനിക കാലത്ത് ഭാഷാ കമ്പ്യൂട്ടിങ്ങിന് സാധ്യതയേറെയാണ്. പതാരം ശാന്തിനികേതനം ഹയർ സെക്കൻഡറി സ്കൂളിന്റെ ഐ.ടി കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സിലെ ഞങ്ങൾ മലയാളം കമ്പ്യൂട്ടിംഗ് പരിശീലനത്തിലൂടെ നേടിയ അറിവുകൾ ഉപയോഗപ്പെടുത്തി  സ്കൂളിലെ വിദ്യാർത്ഥികൾ എഴുതിയ സാഹിത്യ സൃഷ്ടികൾ ചേർത്ത് ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കുന്നു, ഏവർക്കും സ്വാഗതം.......*

*ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ*

# സന്ദേശം

ആത്മപരിശോധനയിലൂടെ മാത്രമേ ഒരു തലമുറയ്ക്ക് സംസ്കാര ചിത്തരാകാൻ സാധിക്കു.അതിന് ആവശ്യം വേണ്ടത് അനുഭവവും വായനയും വിദ്യാഭ്യാസവുമാണ്.വിദ്യാഭ്യാസം സ്കൂളിൽ നിന്നും,അനുഭവം ജീവിതത്തിൽ നിന്നു ലഭിക്കുന്നു. എന്നാൽ ഇവയെ പോഷിപ്പിക്കാൻ ഉദ്ദേശ്യ ശുദ്ധിയോടുള്ള വായനയ്ക്കേ കഴിയൂ.അതിനാൽ വായിക്കാനും കുട്ടികളുടെ സർഗ്ഗവാസനകൾ പ്രകടിപ്പിക്കട്ടെ.


ലിറ്റിൽ കൈറ്റ്സ് എന്ന ഐറ്റി കൂട്ടായമയുടെ കുട്ടി പട്ടങ്ങളുടെ വിരൽ തുമ്പിലുടെ പിറവിയെടുത്ത ഈ മാഗസിന് എന്റെ എല്ലാ ആശംസകളും നേരുന്നു.

–ആശംസകളോടെ

പ്രസാദ്.ബി
(ഹെഡ്മാസ്റ്റർ,എസ്.എം.എച്ച്.എസ്.എസ്,പതാരം)



**ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് രൂപീകരണത്തിൽ**
**മാസ്റ്റർ ട്രെയിനർ ഗിരീഷ്കുമാറിന്റെ സാന്നിദ്ധ്യം**



**ലിറ്റിൽ കൈറ്റ്സ് കുട്ടികൾക്കായി കൊടുക്കുന്ന**
**ആനിമേഷൻ ട്രെയിനിംഗ്**



**ലിറ്റിൽ കൈറ്റ്സ് ഏകദിന ക്യാമ്പിൽ**
**ലീഡർ അലിൻ മുഹമ്മദ് സംസാരിക്കുന്നു.**



**ലിറ്റിൽ കൈറ്റ്സ് ഏകദിന ക്യാമ്പിൽ**
**ഹെഡ്മാസ്റ്റർ ബി.പ്രസാദ് സംസാരിക്കുന്നു.**

# ലേഖനങ്ങൾ

# സൗഹൃദപാവനം

മിനുക്കണം........

പുതുക്കണം........

അടുക്കണം........

അടുപ്പിക്കണം.......



അടുപ്പിക്കണം.

അകലാൻ ശ്രമിക്കുമ്പോൾ അടുപ്പിക്കുക തന്നെ.....വേണം.
കൂടുതൽ ഇഷ്ടമുള്ളവർ തമ്മിൽ പെട്ടെന്ന് പിണങ്ങാൻ സാധ്യത കൂടുതൽ ഉണ്ട്.
എന്നോട് അവൻ അങ്ങനെ ചെയ്തല്ലോ എന്ന് പരിഭവം.
സൗഹൃദങ്ങൾ മാത്രമല്ല കുടുംബബന്ധങ്ങൾ പോലും തകരാൻ നന്നേ ചെറിയ
ഒരു കാരണം മതി.
അകൽച്ച തോന്നി തുടങ്ങുമ്പോഴേ കൂടുതൽ അടുക്കാൻ ശ്രമിക്കണം.
രണ്ടു ചെറിയ അനിഷ്ടം മതി ഉള്ള സൗഹൃദം മങ്ങാൻ.
പറ്റാത്ത ഒരു വാക്ക് മതി ചേർന്നു നിന്നിരുന്ന കണ്ണി ഇളക്കാൻ........
സംസാരത്തിനിടയ്ക്ക് അറിയാതെ വരുന്ന ചില പരാമർശങ്ങൾ മതി ദീർഘകാലം
മിണ്ടാതെ തെറ്റി നടക്കാൻ.

ഒടുവിൽ പിണക്കമായി
വിളിച്ചാൽ എടുക്കാതായി
വാട്സാപ്പിൽ നമ്പർ ബ്ലോക് ചെയ്യലായി
മെസേജ് നോക്ക്തെയായി

വോയിസ് കേൾക്കാതെയായി

വരവും പോക്കും നിന്നു

മിത്രം ശത്രുവായി.

അവിടെ കണ്ടാൽ ഇവിടെ മാറലായി.......

കാലം ഏറെ ചെന്നാൽ പിന്നെ ആരാദ്യം മിണ്ടുമെന്നായി

എങ്ങനെ നടന്നിരുന്ന ആളുകളാ,ഇപ്പോ കണ്ടാപ്പോലും മിണ്ടൂല്ല......

എന്നു നാട്ടുകാർ പറയലായി

നമ്മുടെ അറിവിലും ഉണ്ടാകും ഇത്തരം അനുഭവങ്ങൾ.....!

കാലം ഏറെ കഴിഞ്ഞ് എന്തി തെറ്റിയത്  എന്നുപോലും ഓർമ്മയുണ്ടടാവില്ല.ഒരു പക്ഷെ ............

എന്നിട്ടും മിണ്ടാതെ

വിളിക്കാതെ നടക്കും

ഇന്നു കാണുന്നവരെ നാളെ കാണില്ല എന്നാണ് നാമൊക്കെ ഇവിടുന്ന് സലാം പറഞ്ഞു പോവും എന്നും ആർക്കും അറിയില്ല.

"ഒരു പൊരി മതി എല്ലാം ഒതുങ്ങാൻ

ഒരു ചിരി മതി എല്ലാം ഒതുങ്ങാൻ."

കാത്തു സൂക്ഷിക്കുക സൗഹൃദങ്ങളെ കെടാതെ നോക്കുക....!!!!

നട്ടു നനയ്ക്കുക ബന്ധങ്ങളെ....!!!!

**ഒരു മരം കൊണ്ട് ലക്ഷക്കണക്കിന് തീപ്പെട്ടിക്കൊള്ളികളൊണ്ടാക്കാം എന്നാൽ ലക്ഷോപലക്ഷം മരങ്ങൾ നശിപ്പിക്കാൻ ഒരു തീപ്പെട്ടിക്കോൽ മതി ഓർക്കുക.**

-ആദിത്യൻ

# അഗ്നിച്ചിറകുള്ള ചെറുപ്പക്കാരൻ

സ്വപ്നം കാണുന്ന മനസ്സിന്റെ ഉടമകളായതുകൊണ്ടും ചെറുപ്പക്കാർ എ.പി.ജെ.അബ്ദുൽ കലാമിനെ കൂടുതൽ സ്നേഹിക്കുന്നത്.അതേ കാരണം കൊണ്ടാവണം കലാം ചെറുപ്പക്കാരെ ഇത്രയധികം സ്നേഹിക്കുന്നത്. ഹൃദയത്തില് എന്നും ചെറുപ്പം നിലനിർത്തിയതിനാൽ അബ്ദുൽ കലാം സ്വന്തം സ്വപ്നങ്ങളെ ഹൃദയത്തോട് ചേർത്തു നിർത്തി.

'ലക്ഷ്യ ബോധത്തോടെ സ്വപ്നം കണ്ട് തുടരുക

സ്വപ്നം യാഥാറർത്ഥ്യമാക്കാൻ പ്രവർത്തിക്കുക.

നെറ്റിയിൽ നിന്നും വിയർതുള്ളികൾ നിലത്തു

വാഴും വരെ അധ്വാനിക്കുക...'

വർഷങ്ങൾക്കുമുമ്പ് രാഷ്ട്രപതിയായിരുന്ന കലാം പറഞ്ഞ വാക്കുകൾ രാജ്യത്തെ ചെറുപ്പക്കാരുടെ മനസ്സ് മുഴുവനും അഗ്നിജ്വാലകൾ പോലെ ഉണർത്തിയിരുന്നു.ഇപ്പോഴും ആ ഊർജ്ജം പകർന്നു കൊണ്ടിരിക്കുന്നു.റോൾ മോഡലുകൾ അപ്രത്യക്ഷമായികൊണ്ടിരിക്കുന്ന ഈ കാലത്ത് സിനിമാ താരങ്ങളും സ്പോർട്സ് താരങ്ങളും ഒക്കെ ഗ്ലാമറിന്റെ ആഘോഷത്തിമിർപ്പുകളുംമാത്രമാകുമ്പോൾ,ഒരു യഥാർത്ഥ റോൾ

മോഡലായി നമ്മുടെ ചെറുപ്പക്കാർക്ക് മുമ്പിലുണ്ട് എ.പി.ജെ അബ്ദുൽ കലാം.അദ്ദേഹമുണർത്തിയ ആദർഷങ്ങൾ നമ്മുടെ മനസ്സിൽ എക്കാലത്തും അഗ്നിചിറകുകൾ കൊണ്ട് പാറിപ്പറക്കും.നമ്മടെ മുൻ

രാഷ്ട്രപതിക്ക് ആദരാഞ്ജലികൾ അർപ്പിച്ചു കൊള്ളുന്നു...

-അസ്‌ലം

# പിഴയ്ക്കാതെ വായിക്കുക

വായിച്ചാലും വായിച്ചില്ലെങ്കിലും വളരും വായിക്കാതെ വളർന്നാൽ വളയും . വായിച്ചു വളർന്നാലെ വിളയൂ

വളയാതെ വളർന്നു വിളയുകയും വിളങ്ങുകയും വേണമെങ്കിൽ വായന തന്നെ വേണം.

വായന എന്നു വെച്ചാൽ പുസ്തകം വായിക്കുക. അറിവിനും ആവശ്യത്തിനുമനുസരിച്ചുള്ള പുസ്തകങ്ങൾ ക്രമത്തിലെടുത്ത് വഴിയേ വായിക്കുക . വഴിയേ വായിക്കുക എന്നാൽ വേണമട്ടിൽ വായിക്കുക,പഴിക്കാതെ വായിക്കുക, മിഴിവോടെ വായിക്കുക

വാസ,നയ്ക്കനുസരിച്ചുള്ളതു മാത്രം വായിച്ചാൽ മതിയോ ? പ്രത്യേകിച്ച് ഇക്കാലത്ത് പോരാ, ഇന്നുള്ളവർക്ക് ഒരു വിധം എല്ലാറ്റിനേക്കുറിച്ചും ഒരേകദേശ ജ്ഞാനമുണ്ടായിരിക്കുന്നത് അത്യാവശ്യമാണ്. അതിനാൽ കൊയിൽ കിട്ടുന്ന പുസ്തകങ്ങളും ,മാസികകളും കടലാസുകളും നോട്ടീസുകളും ഒന്നോടിച്ചു നോക്കുന്നത് നല്ലതാണ്. അരുതാത്തവയും ഒട്ടും കൊള്ളരുതാത്തവയും മാത്രം വായിക്കരുത്.

വിസ്തരിച്ചു വായിക്കുകയെന്നാൽ എങ്ങനെയെന്നു പറയാം . വരുകൾക്കിടയിൽ വായിക്കുക , വാക്കിനുള്ളിൽ കടന്നു വായിക്കുക .വീണ്ടും വായിക്കുക ,വായിച്ചതു മനസ്സിലിട്ടു വിസ്തരിക്കുക.ഇങ്ങനെയുള്ള ഈ മുന്നു വായനയും വേണ്ട പോലെയുള്ളവർ വളർന്നു വിളയും.

വായനയാണ് വാസനയ്ക്കുള്ള വളം.വാസന വേണ്ടപോലെ വളരണമെങ്കിൽ വായന മാത്രം പോരാ, അഭ്യാസവും

വേണം. വായന മരണം വരെ വേണം.രോഗശയ്യയിൽ കിടക്കുന്നവർക്കടക്കം എല്ലാവർക്കും വീടുകളിൽ ഓരോ

മുറിയിലും ഓരോ പുസ്തകശേഖരം വേണം.

യാത്രാവസരങ്ങളിലുപയോഗിക്കുന്ന കൈസഞ്ചിയിൽ ഒരു ചെറിയ പുസ്തകമുണ്ടായിരക്കന്നതു നല്ലതാണ്, ബസ്സു കാത്തുനിൽക്കമ്പോഴും തീവണ്ടി കാത്തിരിക്കുമ്പോഴുമെല്ലാം
വായിക്കാൻ.

ക്ലാസ്സുറികളിൽ ഓരോ ചെറിയ ലൈബ്രറിവേണം ആ ക്ലാസിലെ കുട്ടികളുടെ പ്രായത്തിനനുസരിച്ച്
വായിക്കാൻ പറ്റിയ പുസ്തകങ്ങൾ വേണം. ഇന്നു വായനമൂലം ചില വിദ്യാലയങ്ങളിൽ ഏർപ്പെടുത്തിയിട്ടുണ്ട്.
അവിടെ ദിനപത്രം,മാസികകൾ, കൊച്ചു കൊച്ചു പുസ്തകങ്ങളും വേണം. മാസവരുമാത്തിൽ നിന്ന് ഒരു
പത്തു ശതമാനമെങ്കിലും പുസ്തകം വാങ്ങാൻ നീക്കണം. കഴുവുന്നുസരിച്ചു വായിക്കണം.

**-നന്ദു ആനന്ദ്**

# പ്രളയം നമ്മെ പഠിപ്പിക്കുന്നത്

നൂറ്റാട്ടിൻെറ മഹാപ്രളയമാണ് ഇക്കഴിഞ്ഞ ഓണനാളുകളിൽ നമ്മുടെ കൊച്ചു കേരളത്തെ ഇളക്കി മറിച്ച് കടന്നുപോയത് . സ്വാതന്ത്ര്യദിനപുലരിയിൽ നമ്മുടെ ആയിരക്കണക്കിന് സഹോദരങ്ങളാണ് വെള്ളത്താൽ ബന്ധനസ്ഥരായത്.

കൊല്ലവരഷം 99-ലെ വെള്ളപ്പൊക്കം എന്നു പഴമക്കാർ പറയാറുള്ള 1924-ലേതിനു സമാനമായിരുന്നു ഇത്തവണത്തെ പ്രളയം . പത്തുലക്ഷം പേരാണ് ദുരിതാശ്വാസ ക്യാംപുകളിൽ അഭയം തേടേണ്ടി വന്നത്. ഇതിനിടയിലുണ്ടായ നഷ്ടം 40000 കോടി രൂപയാണ്.

നമ്മുടെ സംസ്ഥാനം ഇന്നോളം കണ്ടിട്ടുള്ള ഏറ്റവും വലിയ രക്ഷാപ്രവർത്തനവും കൂടിയായിരുന്നു ഇത്തവണത്തേത്. എന്നാൽ ഏറ്റവും എടുത്തുപറയേണ്ടത് മത്സ്യത്തൊഴിലാളികളേയാണ് . അവർ തങ്ങളുടെ ജീവിതോപാധിയായ ബോട്ടുകളുമായെത്തി ശരിക്കും കേരളത്തിൻെറ സ്വന്തം രക്ഷാസൈന്യമായി. ഈ

പ്രളയം നമ്മെ പഠിപ്പിക്കുന്നത് അനേകം പാഠങ്ങളാണ് . ഒന്നാമത്തെ പാഠം സാഹോദര്യത്തിൻെറ മൂല്ല്യമാണ് . ജാതി വിവേചനമില്ലാതെ മനുഷ്യർ ഒരുമാച്ച് പ്രവർത്തിച്ച ഒരു കാലമായിരുന്നു അത് . മനുഷ്യർ പരസ്പരം സഹായിച്ച് നമ്മുടെ കേരളത്തെ കൈപിടിച്ചുയർത്തി ഒരു പുതിയ രേരളമാക്കി . ഇതാണ് മലയാളികളുടെ വിജയം.

- ഷംന . എസ്

# വായനടെ മഹത്വങ്ങൾ

വായന എന്നത് ശാരീരികമായും മാനസി കമായും മനസ്സിന് കുളിർമ നൽകുന്ന ഒന്നാണ്. ഇന്ന് ഈ വായനകളും വായിക്കാനുള്ള പുസ്തകങ്ങളും കുറഞ്ഞു വരികയാണ് . ഇന്ന് വായിക്കാൻ ആർക്കും ഇഷ്ടമല്ല .വായന ഒരു വ്യായാമം തന്നെയാണ്. ഇപ്പോൾ ആരും വ്യായാമം ചെയ്യാനും ഇഷ്ടപ്പെടുന്നില്ല , ശരീരമനങ്ങാതെ ആവശ്യങ്ങൽ നേടാനാണ് ആഗ്രഹി ക്കുന്നത്. വായനയിലൂടെയാണ് പല മഹാൻമാരും ചരിത്രത്തിൽ ഇടം നേടിയത്. കവിതകൾ വായിക്കുന്ന തിലൂടെ മനസ്സ് ശുദ്ധമാകുന്നു. കേരളീയരായ പല മഹാൻമാരും വായനയെക്കുറിച്ചും അതിൻെറ മഹത്വ ത്തെക്കുറിച്ചും വ്യക്തമാക്കിയിട്ടുണ്ട്,എന്കിലും നാം നമ്മുടെ പഴമയിലേക്ക് തിരിച്ചുപോകാൻ തയാറാവുന്നില്ല. നമ്മുടെ വായനാശീലത്തെ വീണ്ടും തിരിച്ചുപിടിക്കു ,നല്ലോരു തലമുറയെ വാർത്തെടുക്കു

-ഐശ്വര്യ

# <u>ടെലിവിഷൻ</u>
# <u>ഗുണങ്ങളും ദോഷങ്ങളും</u>

ആധുനിക കാലഘട്ടത്തിലെ ഏറ്റവും വലിയ അത്ഭുതങ്ങളിലൊന്നാണ് ടെലിവിഷൻ. അകലെ നടക്കുന്ന കാര്യങ്ങൾ കാണാനും കേൾക്കാനും സഹായിക്കുന്ന ഒരു ഇലക്ട്രോണിക്ക് ഉപകരണമാണത്. അത് ജനങ്ങളെ കൂടുതൽ അടുപ്പിക്കുകയും ലോകത്തിന്റെ അതിർത്തികളെ ചെറുതാക്കുകയും ചെയ്തു.

ടെലിവിഷൻ മൂന്ന് പ്രധാന കർത്തവ്യങ്ങൾ നിർവഹിക്കുന്നു. അത് വിനോദം, വിജ്ഞാനം, വിവരങ്ങൾ എന്നിവ നൽകുന്നു. ദൈനംദിനവാർത്തകൾ ചുറ്റും എന്ത് നടക്കുന്ന് എന്ന് അറിവ് നൽകുന്നു. ഡോക്യുമെന്ററികളും ചർച്ചകളും വിജ്ഞാനവും വിവനവും നൽകുന്നു. സ്പോർട്സ്, ഡാൻസ്, സംഗീതം എന്നിവ വിനോദം പകരുന്നു.

എന്തായാലും ആധുനിക മനുഷ്യൻ ടെലിവിഷന് അടിമയായ് കൂടുതൽ സമയം നിലവാരമില്ലാത്ത ടെലിവിഷൻ പരിപാടികൾ കാണാൻ വേണ്ടി ചെലവഴിക്കുന്നു. ഇതുമൂലം വായനപോലെ പല വിനോദങ്ങളും ചെറുപ്പക്കാരുടെ ഇടയിൽ കുറഞ്ഞുവരുന്നു.ടെലിവിഷനിൽ സംപ്രേഷണം ചെയ്യുന്ന പലപരിപാടികളും ഗുണനിലവാരവമില്ലാത്തവയാണ്. ഇതുമൂലം പലപ്പോഴും ടെലിവിഷൻ വിഡ്ഢിപ്പെട്ടി എന്ന് വിഷേശിക്കപ്പെടാറുണ്ട്. അതിനെ ശരിയായ രീതിയിൽ ഉപയോഗിച്ചാൽ അത് സമൂഹത്തിന് ഒരനുഗ്രഹം തന്നെയായിരിക്കും

-ജെബിൻ

# പരിണാമം

ആധുനിക പരിണാമ സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവാണ് ചാൾസ് ഡാർവിൻ.ശാസ്ത്രത്തിന്റെ ചരിത്രത്തിൽ ഗലീലിയോ,ഐൻസ്റ്റീൻ എന്നിവരോടൊപ്പമാണ് ചാള്സിന്റെ സ്ഥാനം.അദ്ദേഹമെഴുതിയ'ജൈവജാതിയുടെ ഉത്പത്തി' പത്തൊമ്പതാം നൂറ്റാണ്ടിലെ ഏറ്റവും പ്രധാനപ്പെട്ട ശാസ്ത്ര പുസ്തകമായ് കരുതപ്പെടുന്നു.

പക്ഷേ,ബാലനായ ഡാർവിനിൽ പ്രതിഭയുടെ തിളക്കം ആരും കണ്ടില്ല. ശരാശരിയിൽ താണ വിദ്യാർത്ഥിയെന്നായിരുന്നു അദ്ധ്യാപകർ കണക്കാക്കിയത്.

സമ്പന്നമായ കുടുംബത്തിലാണ് ചാൾസ് ജനിച്ചത്. അച്ഛൻ നാട്ടിലെ പ്രശസ്തനായ ഡോക്ടർ.സ്നേഹനിധിയായ അമ്മ.ലജ്ജാലുവും ശാന്തശീലനുമായിരുന്ന ബാലൻ.ഒരു സഹോദരനും. ഒരു സഹോദരനും.നാല് സഹോദരിമാരും ഉണ്ടായിരുന്നു.

സാധാരണ മഞ്ഞപ്പൂക്കൾ മാത്രം ഉണ്ടാവുന്ന ചെടിയിൽ നീലയോ വെള്ളയോ ചുവപ്പോ നിറമുള്ള പൂക്കളും ഉണ്ടാവും. അതിന്റെ വിദ്യ സ്നേഹിതനു രഹസ്യമായി പറഞ്ഞു കൊടുത്തു.വേണ്ടനിറത്തിലുള്ള ചായം കലക്കിയ വെള്ളം കൊണ്ടു ചെടി നനയ്ച്ചാൽ മതി.ചാൾസ് നിമിഷനേരം കൊണ്ട് പ്രശസ്തനായി.

ചരിത്രം സൃഷ്ടിച്ച 'ജൈവജാതിയുടെ ഉല്പത്തി' പുറത്തു വന്നതിനു ശേഷം പന്ത്രണ്ടു വർഷം വേണ്ടി വന്നു മനുഷ്യോത്പത്തിയെക്കുറിച്ചുള്ള പുസ്തകം പ്രസിദ്ധീകരിക്കാൻ.1871 ൽ പുസ്തകം പുറത്തിറങ്ങി.

ചാള്സിന് ലഭിച്ച അമഗീകാരങ്ങൾക്കു കണക്കില്ല.

1882 ന്റെ ആരംഭത്തിൽ ചാള്സിന്റെ ആരോഗ്യം മോശമായ്.1882 ഏപ്രിൽ 19 ന് അദ്ദേഹം മരണമടഞ്ഞു.

**-സ്വരാജ്**

# അമ്മ എന്ന നന്മ

അമ്മ ഒരു നീരുറവയാണ്. ഒരിക്കലും വറ്റാത്ത സ്നേഹം തരുന്ന നീരുറവ. ദൈവത്തിൻെറ ഏറ്റവും വലിയ ദാനം ആണ് ഓരോ അമ്മമാരും. അമ്മ എന്നത് നന്മയുടെ, കരുണയുടെ ,കരുതലിൻെറ, സ്നേഹത്തിൻെറ, സംരക്ഷണത്തിൻെറ ഒരു പടുവൃക്ഷം ആണ്.

എൻെറ രൂപം അറിയും മുമ്പേ, എന്നിലെ നന്മ അറിയും മുമ്പേ, എൻെറ ശബ്ദം കേൾക്കും മുമ്പേ, ഞാൻ ആരാണെന്നും എന്താണെന്നും അറിയും മുമ്പേ എന്നെ സ്നേഹിച്ചുതുടങ്ങിയത് എൻെറ അമ്മയാണ്. ഒരു കുഞ്ഞ് തൻെറ അമ്മയുടെ ഉദരത്തിൽ ഉരുവാകുന്നതു മുതൽ ആ അമ്മ തൻെറ കുഞ്ഞിനുവേണ്ടി പ്രാർത്ഥിച്ചു തുടങ്ങുന്നു. അമ്മയുടെ അവസാന ശ്വാസം വരെയും ആ പ്രാർത്ഥനയ്ക്ക് ഒരു മുടക്കവും വരുത്തുകയും ഇല്ല.

ലോകത്തിലെ ഏറ്റവും സുരക്ഷിതമായ സ്ഥലം അത് അമ്മയുടെ മടിത്തട്ടാണ്. ദൈവത്തിൻെറ പ്രതിരൂപം തന്നെയാണ് ഓരോ അമ്മയും .അമ്മയുടെ സ്നേഹത്തിന് അതിരുണ്ടോഎന്നു ചോദിക്കുന്നത് ആകാശത്തിനതിരുണ്ടോ  എന്നു ചോദിക്കുന്നതിനു തുല്യമാണ്. ഓരോ കുട്ടിയുടെയും ഏറ്റവും അടുത്ത സുഹൃത്തായിരിക്കണം അവൻെറ അമ്മ.

ഏതൊരു കുട്ടിയുടെയും ഉയർച്ചയ്ക്ക് പിന്നിൽ തൻെറ മാതാപിതാക്കളുടെ കണ്ണുനീർ തൂകിയുള്ള പ്രാർത്ഥനയും കഠിനാദ്ധ്വാനവും ഉണ്ട്. നമ്മുടെ മാതാപിതാക്കളുടെ കഷ്ടപ്പാടിൻെറ ഫലമായിട്ടാണ് നാം ഇന്ന് ഈ നിലയിൽ എത്തിയത് എന്നുള്ള സത്യം നാം മറന്നുപോകരുത്.

അമ്മയെന്ന ആ നന്മമരത്ത കഴിയുന്നത്ര സ്നേഹിക്കുക. ഭാവിതലമുറയിൽ നിന്നും വൃദ്ധസദനങ്ങളെ  തുടച്ചുനീക്കുക. മരണം വരെയും മാതാപിതാക്കളെ സ്നേഹിക്കുകയും കരുതുകയും ചെയ്യുക.

-സംവൃത

# ''വായിച്ചാൽ വളരും ,
# വായിച്ചില്ലെങ്കിൽ വളയും! ''

ചെറിയ വാക്കുകളിൽ വലിയ ആശയങ്ങൾ ഒളിപ്പിച്ചു വയ്ക്കാൻ കഴിവുള്ള കുഞ്ഞുണ്ണി മാഷിൻെറ വരികളാണിവ.വായനയുടെ മഹത്വം എത്രമാത്രമാണെന്ന് ഈ നാലു വരികളിൽ ഒളിഞ്ഞിരിപ്പുണ്ട്.

വായന നമ്മുടെ വെറുമൊരു 'ഹോബിയല്ല' വളർച്ചയുടെ അടിസഥാനമാണ് വായന. മാനസിക വളർച്ചയ്ക്കും ബുദ്ധിവികാസത്തിനും വായന ഊർജ്ജം പകരുന്നു. പല മഹാന്മാരുടെയും ജീവിത വിജയത്തിൻെറ തുടക്കം വായനയിൽ നിന്നാണ്. സാഹചര്യങ്ങളുടെയും സൗകര്യങ്ങളുടെയും അഭാവത്തിലും അവരെ ഉന്നതിയിൽ എത്തിച്ചത് പുസ്തകങ്ങളോടുള്ള അടങ്ങാത്ത ഇഷ്ടമാണ്. പുസ്തകങ്ങൾ മനുഷ്യൻെറ ഏറ്റവും അടുത്ത ചങ്ങാതിമാരാണ് . അവ നമ്മളെ ചതിക്കുകയില്ല. പകരം ,നേർവഴിയിലൂടെ നമ്മളെ നടത്തുന്നു. വായന ഒരു ജീവിത ചര്യയായി മാറ്റിയവർക്ക് ഒരിക്കലും വിരസതയും മുഷിച്ചിലും അനുഭവപ്പെടുകയില്ല.

വായന നമ്മുടെ ഭാവനയും ക്രിയാത്മകതയും വർദ്ധിപ്പിക്കുന്നു. ഒരു കൃതി വായിക്കുന്നത് മറ്റനേകം കൃതികൾ നിർബന്ധമായും വായിക്കാനുള്ള പ്രേരണയ്ക്ക് പ്രചോദനമേകും. ദൃശ്യമാധ്യമങ്ങളൊന്നും പുസ്തകങ്ങൾക്ക് പകരമാകില്ല. വായനയിൽ നിന്ന് ലഭിക്കുന്ന പ്രത്യേക അനുഭൂതി അവയിൽ നിന്ന് ലഭിക്കാറില്ല. അതുകൂടാതെ, നമ്മുടെ ചിന്തിക്കുവാനുള്ള ശേഷി അവ നഷ്ടപ്പെടുത്തുന്നു. എന്നാൽ, വായന അറിവും സംസ്കാരവും വിനോദവും പകർന്ന് നൽകുന്നു.

-ആരഭി എ ആർ

# കവിതകൾ

# ആത്മസഖി

നിന്നിലെ സന്ധ്യയിൽ
നിന്നാത്മ ഹൃദയത്തിൽ
പുഞ്ചിരി തൂകമീ പൊൻപ്രഭാതം

നിൻ സ്വപ്ന വർണ്ണങ്ങൾ
നിൻ ആത്മഘോഷങ്ങൾ
മന്ദസ്മിതങ്ങളായി പെയ്തില്ലെന്നും

രാവിന്റെ വീണയിൽ
നീതീർത്ത രാഗങ്ങൾ
മാനസ വീണപോൽ
എൻ മനസ്സിൽ.

മാരിവില്ലിൻ നിറവർണ്ണങ്ങൾ
തീർത്തൊരി മാനസാവകാശ–
ത്തിൻ വിൺപരപ്പിൽ.

നിന്നിലെ താളവും
നിന്നിലെ മോഹവും
നിറചന്ദ്രനെപ്പോലെ
വിളങ്ങിടുന്നു.

നീ തീർത്ത ദീപത്തിൽ
വിണ്ണിലെ വെൺപ്രഭ
നിൻജീവ നാളത്തിൻ സ്പന്ദനമോ?

നിന്മനം എന്മനം
വീണതൻ തന്ത്രികൾ
വിണ്ണിൽ വിരിച്ചിടും
സായൂജ്യ ഗീതം.

# അനാഥബാല്യം

മകരമാസത്തിലെ മധുരചിന്തകൾ

അയവിറക്കും വഴിയോരങ്ങളിൽ

മനസ്സില് ഒരു കുളിർപ്രഭാത

ദൃശ്യമെൻ സ്വപ്നം.

പകരമാ ഋതു എനിക്കായ് പകർന്ന

കാഴ്ചയെന് മനസ്സിൽ

അലകളാം രൂപത്തിൽ ആഞ്ഞടിച്ചു

അഴുക്കുചാൽ ഒഴുകും തെരുവുവീഥിയിൽ

ഭക്ഷണമാം ദൈവത്തെ

കാത്തിരിക്കുമെൻ സഹജാതർ

ഒരുരുള ചോറെന്ന സ്വപ്നവും പേറിനടന്നവർ

ആ ദൃശ്യമെൻ ഹൃദയത്തിൽ

അഗ്നിജ്വാലപോൽ പടർന്നുകയറി

ഹിമമായി എന്നിലെ നന്മയെ ഉണർത്തി

കാറ്റായി വന്നെന്നെ പുൽകി

മനസ്സിനെ ആഴത്തില് മുറിവേൽപ്പിച്ച

കഠാരകൊണ്ട് പോറിയ മുറിവുകൾ

നീറിപ്പുകഞ്ഞു നിലനിന്നു.

മകരമാസത്തിൻ കയർപ്പ ചിന്തകൾ

അയവിറക്കും തെരുവുവീഥികൾ

-ശ്രീഹരി .എസ്

# സ്മൃതി

ഓർമ്മകൾ തൻനിദ്രയിൽ നീയെന്നെ
തൊട്ടുണർത്തിയവൾ
വെയിലും മഴയുമറിയാതെ
ശിശിരവും വാസന്തവുമറിയാതെ,
ഏകാന്തതയുടെ കോണിൽ
അമ്മയാം പ്രകൃതിയോട്
അവൾ വിടപറയുന്നു.
അലകളായ് ഒഴുകുന്നസമുദ്രങ്ങളോട്
അവൾ വിടചൊന്നുകയാണ്
മഴവില്ലെന്ന സപ്തവർണ്ണങ്ങളോട്
അവൾ വിടചൊല്ലുകയായ്
വിടപറയാനിനി നിമിഷങ്ങൾ മാത്രം
ഇനിയീ മണ്ണിൽ അവൾക്കായി നിമിഷങ്ങൾ മാത്രം
ഇന്നും ഞാൻ ഓർക്കുമ്പോൾ
എന്തിനോ വേണ്ടിയെൻ ഉള്ളുപിടയുന്നു
എന്നിൽ നിന്നകന്നുപോയ എൻപ്രിയതോഴി...
അകലെയെന്നാലും അരികിലാണിന്നുനീ...
എൻ മനസ്സിൻ അരികിലാണിന്നുനീ...

**-ആദി കൃഷ്ണൻ**

## കേരളം

കേരങ്ങൾ തിങ്ങുന്ന കേരളമേ
കേളി കൊട്ടുയരുന്ന കേരളമേ
കേരളനാടെന്നു കവികൾ പുകഴ്ത്തിയ
ഭാർഗ്ഗവരാമൻെറ കേരളമേ
തുള്ളൽ,കഥകളി,കൂടിയാട്ടം,കല
നിത്യം വസിക്കുന്ന നല്ല നാടേ
സമ്പദ് സമൃദ്ധീയും സർവ്വാഭിവൃദ്ധിയും
നിത്യം വീളങ്ങുന്ന പുണ്യനാടേ
ശങ്കരാചാര്യനും വിദ്യാധിരാജനും
ഗുരുദേവനും വാണ കൊച്ചു നാടേ
മാതൃകയായി മറ്റു ദേശങ്ങൾക്കെന്നും
മഹതിയായ് സ്ഥാനമലങ്കരിക്കു !

**-ആര്യ.എ**

# എൻെറ ബാല്യം

ചന്തമെഴുന്നൊരു ചിത്രശലഭം
സുന്ദരമായിരുന്നെൻെറ ബാല്യം
ആദ്യം ചുവടുഞാൻവെച്ചപ്പോൾ വീണതും
അമ്മയന്നാദ്യമായി വിങ്ങിക്കരഞ്ഞതും
കള്ളക്കൺ നോട്ടത്താലോടി നടന്നതും
കുസൃതിത്തരങ്ങളും വികൃതിയൊപ്പിക്കലും
ചിത്രവർണ്ണ പുസ്തകത്തിൻെറ താളിലായ്
മിത്രങ്ങളെ ഞാനേറെ തിരഞ്ഞതും
പാട്ടിൻെറ ഈണം കേട്ടോരോ ഉറക്കവും
ആട്ടത്തിലാനയായ് അച്ഛൻ നടന്നതും
അക്ഷരലോകത്തേക്കെന്നെ വിളിക്കുവാൻ
അപ്പപ്പനാദ്യക്ഷരമെഴുതിച്ചതും
അമ്മുമ്മയ്ക്കരിശമായ് ഞാൻ പണ്ട് വീട്ടിലെ
ഭിത്തിമേലൊക്കവേ കുത്തിവരച്ചതും
ഒക്കെയന്നമ്മപറഞ്ഞോരോ വാർത്തയായ്
ഒട്ടുമേ മായാതെ നിൽക്കുന്നിതോർമ്മയിൽ
ആ ഓർമ്മ എന്നിൽ നിലനിൽക്കും വരെ
എൻെറ ബാല്യം എന്നിലുണ്ടായിരിക്കും.

-അനഘ




# സപ്തസ്വരങ്ങൾ

കാലമെൻ ജീവിതവീണയിൽ മീട്ടിയ
സപ്തസ്വരങ്ങളെ തിരിച്ചുവത്രു
ഞാനെത്ര ധന്യൻ വസുന്ധരചാലിച്ച
തേനുംവയമ്പും നുണഞ്ഞവൻ

ആദിസ്വരമെൻ ഓർമ്മയിലമ്മതൻ
താരാട്ടുപാട്ടിന്റ വായ്ത്തത്താരി
എന്നൊ തിരിച്ചറിഞ്ഞു നിൽക്കുന്നു
കണ്ണീരിൻ നനവാർന്ന നൊമ്പരങ്ങൾ

പൂത്തുതളിർത്തുവെൻ ആത്മവല്ലരിയതിൽ
എത്തിയൊരെഴുപത്തു പൂക്കാലങ്ങൾ
ധ്യാനിച്ചിരുന്നൊരമൃതസ്വരങ്ങളെൻ
മൊഴികളായെത്തി, ഞാൻ ധന്യനായി !

സപ്തസ്വരമെഴും സന്കീർത്തനങ്ങളിൽ
എന്നുമൊരു സ്വരമായിച്ചേർന്നെന്കിൽ
വീണ്ടും ജനിക്കുവാൻ മോഹമുണ്ടെന്നുള്ളിൽ
ഇന്ദുഗോപമായ് മലയാള മണ്ണിൽ !

—നന്ദു

# വിഫല സ്വപ്നങ്ങൾ
വിഫല സ്വപ്നങ്ങൾ

ഇല്ല ഇനിയില്ല പാടങ്ങൾ, പുഴകൾ
പൂവുകൾ പൂതേടിയലയും കരിവണ്ടുകൾ
എല്ലാമിനിയെന്നുമോർമ്മകൾ മാത്രമായ്
എൻ മോഹനസങ്കല്പത്തിൻ നിശ്ചലദൃശ്യങ്ങൾ
ചൂടേറും ചിത്തം കുളിരണിയിക്കുവാനില്ല
വർഷത്തിൻ കുസൃതികളികളും.

നീളുമീ വീഥിയിൽ തണൽതീർത്തതരു
നിരകൾ തൻ സ്മരണകൾ പേറിഞാൻ
ചൂടേറുമീ വഴികൾ താണ്ടിയീ മണൽപ്പരപ്പിൽ
കടലും തിരകളും കാൺമാനില്ല.

ഇനിയെന്തു വേണ്ടുമെന്നോർക്കെ
ചൊല്ലുന്നുവെൻ പിൻഗാമികൾ
നിനക്കായ് ഞങ്ങൾ സമ്മാനിക്കുന്നു
മഴയെ സൃഷ്ടിക്കുമെന്ത്രങ്ങൾ, ഇളം
കാറ്റേകുമെന്ത്ര സാമഗ്രികൾ, പുത്തൻ
തലമുറയെ സൃഷ്ടിക്കുമെനന്ത്ര മാതാപിതാക്കളെ

പിന്നെ പ്ലാസ്റ്റിക്കിനാൽ തീർത്ത
പൂവുകൾ, വണ്ടുകൾ, പാടങ്ങൾ, പുഴകളും
എന്തിനി മോഹിക്കുന്നുവോ അതുനിനക്കേകിടും
യന്ത്രമനുഷ്യനെയിന്നിതാ ഞങ്ങളേകുന്നു

പുഞ്ചിരിതൂകി ഞാൻ ചോദിപ്പൂ എന്നാശകൾ
ഇന്നെനിക്കേകുമോ പുതുമണ്ണിൻ സുഗന്ധം
അമ്മതൻ പാലിൻ മാധുര്യം, പുഴതൻ കുളിരുകൾ
പൂക്കൾതൻ വർണ്ണശോഭകൾ ?

നിശ്ചലം നിന്നുകൊണ്ടോതിയെൻ യന്ത്രം
`അതു ഞാൻ പഠിച്ച ടെക്നോളജിക്കപ്പുറം`

—അഫ്സൽ

# കലാലയം

**മ**നസ്സിൽ നിറയും മാധുര്യ നിമിഷം
എന്നും ഓർക്കും പാവന നിമിഷം
സുഖമുള്ള വേദനകൾ നൽകും ഓർമ്മകൾ
എങ്ങോ നഷ്ടമായ നിമിഷം
ഒരുപാട് സ്വപ്നത്തിൽ ഓർമ്മകളും
കളിചിരിയുടെ ആ കാലത്തിനൊപ്പം
ജീവിക്കുന്നു ഇന്നും വേദനയോടെ
ആടിപ്പാടിക്കൂടി കരഞ്ഞനാളുകൾ
തമാശകളിൽ പരസ്പരം ചിരിച്ച്
ആഘോഷമാക്കി ഓരോ നിമിഷങ്ങൾ
സൗഹൃദത്തിൽ ആഴമാം സ്നേഹവും
യാത്രചൊല്ലിപിരിയുമ്പോൾ
കലാലയമാം വാതിലിൽ നോക്കുമ്പോൾ
കാലത്തിൻെറ മായാത്ത ഓർമ്മകളിൽ
തളിരിടും ആഴമാം സൗഹൃദവും......
ഇനി ഇതൊരോർമ്മമാത്രം
പ്രകൃതി എന്ത് സുന്ദരം
കുയിലുപാടും സ്വരം നിറഞ്ഞെ....
നദിതൾ അതിനു താളമിട്ടുന്നെ.....
വൃക്ഷങ്ങളൊക്കയും തൻ ശാഖകൾ
ഉലച്ചുകൊണ്ട്  നൃത്തം വയ്ക്കുന്നു......
കുയിലുകൾപാടും പാട്ടുകൾ
-നിധിൻ

# അമ്മ

ഉണ്ടല്ലോ ഞങ്ങളെയോമനിക്കാൻ

ഞങ്ങളെ പോറ്റുന്ന നല്ലൊരമ്മ

നല്ലതു ചൊല്ലിത്തരുന്നൊരമ്മ

ഞങ്ങളെ കാക്കുന്ന നല്ലൊരമ്മ

വീടുതന് പൂന്തേന് പകർന്നു നല്കി

ഞങ്ങളെനിത്യവും പോറ്റമമ്മ

കഥയും കവിതയും പാട്ടുകളും

ചൊല്ലിത്തരുന്നൊരു നല്ലൊരമ്മ

അമ്മ തൻ ചൊല്ലുകൾ കേട്ടിരിക്കും

അമ്മയെ ഞങ്ങൾ അനുസരിക്കും

അമ്മയെ ദൈവമായി കണ്ടു വാഴ്ത്തും

അമ്മയെ ഞങ്ങൾ നമസ്കരിക്കും

വരദാനമാണ് നമ്മുടെയമ്മ

വിവരങ്ങള്ക്കധീതമാം

നിറകാവ്യമാകുന്നു എന്നമ്മ

-ദേവനാഥ്.ഡി.ആർ

# മന്ദഹാസം

മഞ്ഞണിഞ്ഞ ഹിമശൈലത്തെപോലെ ഞാൻ

മഞ്ഞുരുകിയലിയുന്നഗംഗയെപോലെ ഞാൻ

മഞ്ഞുറഞ്ഞ ശിലപോലെയായ് ഞാൻ

ദൃഷ്ടിപതിക്കാതെ ഒരു നനുത്ത

തൂവൽ സ്പർശമായ് മുഗ്ധമായ്

മന്ദഹാസമായ് ഞാൻ...

സൂര്യന്റെ ചുവപ്പില് താമര പ്രണയാദ്രമായ പോൽ

മുല്ലപ്പൂസുഗന്ധം പരന്ന ഗ്രാമത്തിൽ

സൂര്യകിരണമായ് ഞാൻ

എന്റെ വികാരങ്ങളെതകർന്നുടയാവുന്ന

കുപ്പിവളകളാകുന്നത് അനുവദിച്ച്

ആ പാടവരമ്പിലൂടെ നടന്നു നീങ്ങുമ്പോൾ

ഏതോ മരച്ചില്ലയിലിരുന്ന് കുയിൽ നാദം

കാതിൽ മധുരമായ്പന്നലിഞ്ഞ്പോൽ

ആ മുഖം മന്ദമായ് എൻ മനസ്സിൽ

മഞ്ഞുരുകിയലിയുന്ന ഗംഗാപ്രവാഹമായി ഞാൻ

മഞ്ഞുറഞ്ഞ മഴത്തുള്ളിയായ് മാറി ഞാൻ

വികാരനിര്ഭരയായ് ഞാൻ

മന്ദസ്മിതമായ് ഞാൻ

-വിഘ്ലേഷ്

# മഴയുടെ സംഗീതം

മന്ദഹാസത്തിൽ ചൊരിയുന്ന

പുഞ്ചിരി എൻ ഉള്ളിൽ

തഴുകി തുളുമ്പുന്നു

മഴവില്ലിൽ ജ്വലിക്കുന്ന

തിളകുകമെന് കണ്ണിൽ

തുളുമ്പുന്ന ആഹ്ലാദം നിറയുന്നു

ഒരു തുള്ളി മഴയുടെ

തഴുകുന്ന വിസ്മയം

ശിശിരമായി പൂക്കുന്നു മനസ്സിൽ

മഴത്തുള്ളി തിളക്കമെൻ

മനസ്സിൽ തലോടുമ്പോൾ

മണ്തരികൾ പോലും തിളങ്ങി

മനസ്സിന്റെ അടിത്താളിൽ

വിറയ്ക്കുന്ന സംഗീതം

എൻ ഉള്ളം കവർന്ന് നിറയുന്നു.

മഴയുടെ സംഗീതം പൊൻപുലരി

പൂക്കുന്നു എൻ മനസ്സിൽ

മനമാകെ കുന്ന മഴ

എത്ര സുന്ദരമീ മഴ...

# ലോകത്തിൻെറ മരണം

ഭൂമി എങ്ങോട്ടോ മായുന്നു
ജീവനോ മായുന്നു
കാത്തിരിപ്പിനോടുവിൽ
മായുന്ന ഭൂമിയെ തടയാൻ
ഓടുന്ന മനുഷ്യരും
ഒടുവിൽ താഴെ വീണു
മരിക്കുന്ന ലോകം
അവസാന നിമിഷത്തിൽ ജീവിക്കാൻ
കൊതിക്കുന്ന കണ്ണുകൾ
വിങ്ങിക്കരയുന്നു

-മാളവിക എം

# കഥകൾ

# പാഠം പഠിച്ചു

മിന്നത്തയു പൊന്നു തത്തയും കൂട്ടുകാരായിരുന്നു.ഒരു ദിവസം മിന്നു പറഞ്ഞു:"പൊന്നു ഇന്ന് എനിക്ക് നല്ല സുഖമില്ല ഞാനിന്ന് തീറ്റ തേടാന് വരുന്നില്ല."

"ശരി ഞാൻ നിനക്കു കൂടി ഞാൻ ആഹാരം കൊണ്ടുവരാം"

"ഹി...ഹി... മരമണ്ടി, ഞാൻ പറ്റിച്ചതാണെന്ന് അവളറിഞ്ഞില്ല".മിന്നു ചിരിച്ചു.പാവം പൊന്നു.മിന്നുവനുള്ള ആഹാരമായെത്തി."ഇതൊരു നല്ല സൂത്രമാണല്ലോ".മിന്നുവിന് തോന്നി.!പിറ്റേന്നും മിന്നു സുഖമില്ലെന്നു പറഞ്ഞുറങ്ങി.അങ്ങനെ അതൊരു പതിവായി.!ഒരാഴ്ച കഴിഞ്ഞപ്പോൾ പൊന്നുവിന് കാര്യം പിടികിട്ടി. അന്ന് തീറ്റയുമായി പൊന്നുവിന് കാര്യം പിടികിട്ടി.അന്ന് തീറ്റയുമായി പൊന്നു വന്നപ്പോൾ  വൈദ്യരായ കുയിലിനെ കൊണ്ടുവന്നു.വൈദ്യർ പറഞ്ഞു,"മിന്നു,പൊന്നു പറഞ്ഞല്ലോ നിനക്കൊരാഴചയായി പനിയാണെന്ന്.ഇതാ ഈ മരുന്ന് കഴിക്കു,നിനറെ എല്ലാ അസുഖവും മാറും.കുയിൽ വൈദ്യർ കയ്പ്പുള്ള ഒരു മരുന്ന് മിന്നുവിനു കൊടുത്തു അതു തിന്നതോടെ മിന്നു വിളിച്ചു പറഞ്ഞു "അയ്യോ എന്റെ അസുഖം മാറിയേ അയ്യോ എന്റെ അസുഖം മാറിയേ"

അതു കണ്ട് പൊന്നുവും വൈദ്യരും പൊട്ടിച്ചിരിച്ചു.

<u>ഗുണപാഠം : ആരെയും ചതിക്കരുത്</u>

-ഹാഷിർ

# തളർന്നു വീണാലും

# തകർന്നുവീഴരുത്!

---

പണ്ടേ ധനികനായ ഒരു അറബി ലക്ഷങ്ങൾ വിലയുള്ള രണ്ടു പറവകളെ വാങ്ങി. ആ പറവകളുടെ പ്രത്യേകത കൂടു തുറന്നു വിട്ടാൽ അധികം പൊക്കത്തിൽ പറക്കാതെ താഴ്ന്നു പറക്കുന്നതരമായിരുന്നു വളരെ സന്തോഷത്തോടെ പറവകളെ അറബി വീട്ടിൽ കൊണ്ടു വന്നു. കൂടു തുറന്നു വിട്ടപ്പോൾ ഏതിൽ ഒരു പറവ പറക്കാതെ അടുത്തുള്ള മരക്കൊമ്പിൽ സദാ പോയിരുന്നു. അറബിക്കു വളരെ വിഷമമായി. പക്ഷി വിദഗ്ധരും പരിശീലകരും എത്ര ശ്രമിച്ചിട്ടും ആ പറവയെ പറപ്പിക്കാൻ കഴിഞ്ഞില്ല. അവസാന ശ്രമമെന്ന നിലയിൽ,അദ്ദേഹം ഒരു കർഷകനെ ആ ദൗത്യം ഏൽപ്പിച്ചു. പുറത്തു പോയി തിരികെ വന്ന അറബി അത്ഭുതപ്പെട്ടു.രണ്ടു പറവകളും പറന്നു നടക്കുന്നു. വളരെ ആശ്ചര്യത്തോടെ കർഷകനോട് ചോദിച്ചു “ഇതു എങ്ഹനെ സാധിച്ചു?”,കർഷകൻ പറഞ്ഞു “ഞാൻ ആ മരക്കൊമ്പ് മുറിച്ചു മാറ്റി”.

ഒന്നാലോചിച്ചു നോക്കു. ഇവിടെ എന്താണ് സംഭവിച്ചത്.മരക്കൊമ്പ് മുറിച്ചപ്പോൾ പക്ഷിക്ക് സ്വന്തം ചിറകുകളുടെ ശക്തി മനസ്സിലായി .നമ്മളും ഇങ്ങനെയൊക്കെ തന്നെ അല്ലേ .
ഞാൻ ഇങ്ങനെയാണ്, എനിക്ക് ഇങ്ങനേ പറ്റൂ.

**പരീക്ഷയ്ക്കു തോൽക്കുമ്പോഴും,ജീവിതത്തിൽ തോൽക്കുമ്പോഴും,മനസ്സു തളരുന്നവർ സ്വന്തം ചിറകുകളുടെ ശക്തി മനസ്സിലാക്കാത്തവരാണ്!**

ഗുണപാഠം:തളർന്നു വീണാലും തകർന്നു വീഴരുത്

റയ്യാൻ അൻസർ

# സൂത്രം രക്ഷിച്ചു

ഒരു പാവത്താനായിരുന്നു കിട്ടുമുയൽ. ഒരു ദിവസം കുക്കുക്കുറുക്കൻ അവനെ പിടികൂടി.എന്തെങ്കിലും സൂത്രം പ്രയോഗച്ചാലേ രക്ഷപെടാൻ പറ്റൂ കിട്ടുവിനു മനസ്സിലായി. ചേട്ടാ, എന്നെ തിന്നോളൂ. പക്ഷേ, ആ ഗുഹയ്ക്കുള്ളി
ലിരിക്കുന്ന തടിയനായ എന്റെ ചേട്ടന്നേ പിടിച്ചു തിന്നരുതേ, കിട്ടു പറഞ്ഞു. ങേ തടിയനോ? എങ്കിൽ
അവനെ ആദ്യം അകത്താക്കാം. കുക്കു വേഗം ഗുഹയിൽ കൈയിട്ടു ങ! കിട്ടിപ്പോയി. കുക്കു കൈ പുറത്തു
വലിച്ചു. കൈയിൽ കിട്ടിയത് തേനീച്ചക്കൂടായിരുന്നു. കുഞ്ചൻ കരടി ഒളിപ്പിച്ചതായിരുന്നു. തേന്യേച്ചകൾ കുക്കുവിനേ കുത്തി ശരിയാക്കി. കുക്കു ജീവനും കൊണ്ടോടി. കുഞ്ചൻ ചേട്ടൻ തേന്യേച്ചക്കൂട് ഒളിപ്പിക്കിന്നതു കണ്ടത് എത്ര നന്നായി. കിട്ടു സന്തോഷത്തോടെ മാളത്തിലേക്ക് ഓടി.

-നയൻ